"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ, നഴ്സിംഗ് ഓഫീസർ, ഫാർമസിസ്റ്റ് ഗ്രേഡ് II, ലാബ് ടെക്നീഷ്യൻ ഗ്രഡ് II എന്നീ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(കൈ) നം.104/2026/H&FWD    തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. സ.ഉ(കൈ) നം.18/2025/H&FWD, തീയതി 16.01.2025
2. സ.ഉ(കൈ) നം.55/2025/H&FWD, തീയതി 14.02.2025
3. സ.ഉ(കൈ) നം.59/2025/H&FWD, തീയതി 21.02.2025
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.02.2026, 02.03.2026 എന്നീ തീയതികളിലെ പി.എൽ.എ4-15094/2024ആ.വ.ഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യഘട്ടമായി മെഡിക്കൽ ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് -II, ഫാർമസിസ്റ്റ് ഗ്രേഡ് -II, ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II എന്നീ വിഭാഗങ്ങളിലായി 570 തസ്തികകൾ സൃഷ്ടിച്ച് പരാമർശം (1) പ്രകാരവും അവ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് അനുവദിച്ച് പരാമർശം (2), (3) പ്രകാരവും ഉത്തരവായിരുന്നു. രണ്ടാം ഘട്ടമായി, നിർമ്മാണം പൂർത്തിയാക്കിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചുവടെ ചേർക്കും പ്രകാരം 152 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| തസ്തിക | ശമ്പള സ്കെയിൽ | എണ്ണം |
|---|---|---|
| മെഡിക്കൽ ഓഫീസർ | 63700-123700 | 12 |
| നഴ്സിംഗ് ഓഫീസർ | 39300-83000 | 47 |
| ഫാർമസിസ്റ്റ് ഗ്രേഡ് -II | 35600-75400 | 60 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II | 35600-75400 | 33 |
| **ആകെ** | | **152** |

3. മേൽ സൃഷ്ടിച്ച തസ്തികകൾ അനുവദിക്കപ്പെടുന്ന ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച

ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
ധനകാര്യവകുപ്പ് (File No.2954246/ HLT-B1/171/2024-FIN)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 4015, തീയതി 14.03.2026)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ ), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rashmi D
Date: 15-03-2026 14:53:06
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി .എയ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 14-03-2026**

ഫയൽ നം. എം1/116/2024/ആ.കു.വ. ഇനം നം: 4015

വിഷയം : ആരോഗ്യകുടുംബക്ഷേമ വകുപ്പ് - കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ, നേഴ്സിംഗ് ഓഫീസർ, ലാബ് ടെക്നീഷ്യൽ ഗ്രേഡ്- II, ഫാർമസിസ്റ്റ് ഗ്രേഡ്- II തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ- കുടുംബക്ഷേമ വകുപ്പ്.

4015

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എം1/116/2024/ആ.കു.വ |
| 2. വകുപ്പ് | ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് |
| 3. വിഷയം | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ, നഴ്സിംഗ് ഓഫീസർ, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II, ഫാർമസിസ്റ്റ് ഗ്രേഡ്- II തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നത് –സംബന്ധിച്ച് |
| 4.മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14.03.2026 |
| 5. (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ ?<br>(II) ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഉണ്ട് |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7.കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സുഭാഷ് ആർ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.രാജൻ എൻ ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.03.2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.03.2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.03.2026 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.03.2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ, നഴ്സിംഗ് ഓഫീസർ, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II, ഫാർമസിസ്റ്റ് ഗ്രേഡ് – II തുടങ്ങിയ തസ്തികൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. പൊതുജനാരോഗ്യ മേഖല ശാക്തീകരിക്കുന്നതിനും സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും ജനങ്ങളുടെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ കുറയ്ക്കുന്നതിനും യൂണിവേഴ്സൽ ഹെൽത്ത് കെയർ നടപ്പിലാക്കുന്നതിനുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ആർദ്രം പദ്ധതി. ആയത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുന്നു. ആയതിന്റെ ഭാഗമായി മൂന്ന് ഘട്ടങ്ങളിലായി 885 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സർക്കാർ ഉദ്ദേശിക്കുന്ന രീതിയിൽ പൊതുജനങ്ങൾക്ക് പരമാവധി പ്രയോജനം കിട്ടുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കണമെങ്കിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കൊപ്പം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനായി ഘട്ടം ഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.

3. 15.01.2025 ലെ മന്ത്രിസഭായോഗം ആരോഗ്യ വകുപ്പിൽ നിന്നും സമർപ്പിച്ചിരുന്ന 1157 തസ്തികകൾ ഉൾപ്പെട്ട പ്രൊപ്പോസൽ പരിഗണിച്ച് ആദ്യഘട്ടമായി, വിവിധ വിഭാഗങ്ങളിലായി, 570 തസ്തികകൾ ( മെഡിക്കൽ ഓഫീസർ –35, നഴ്സിംഗ് ഓഫീസർ– 150, ഫാർമസിസ്റ്റ് –250, ലാബ് ടെക്നീഷ്യൻ –135) സൃഷ്ടിക്കുന്നതിനും ഇവയുടെ നിയമന നടപടികൾ പൂർത്തിയായ ശേഷം അടുത്ത ഘട്ടമായി അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് വിശദമായി പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനും അനുമതി നൽകുകയുണ്ടായി.

4. ആയതിന്റെ അടിസ്ഥാനത്തിൽ 16.01.2025 ലെ സ. ഉ(കൈ) നം. 18/2025/ H&FWD പ്രകാരം മേൽ പരാമർശിച്ചിരിക്കുന്ന 570 തസ്തികകൾ സൃഷ്ടിക്കുകയും 14.02.2025 ലെ സ.ഉ(കൈ) നം. 55/2025/H&FWD പ്രകാരം മേൽ തസ്തികകൾ വിവിധ ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് അനുവദിക്കുകയുമുണ്ടായി.

5. മേൽ ഉത്തരവ് പ്രകാരം സൃഷ്ടിച്ച തസ്തികകളുടെ നിയമന നടപടികൾ പൂർത്തിയായെന്നും നിലവിൽ 794 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനായി ഗ്യാപ് അനാലിസിസ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ 1026 തസ്തികകൾ ( മെഡിക്കൽ ഓഫീസർ- 113, നഴ്സിംഗ് ഓഫീസർ-265, ഫാർമസിസ്റ്റ്-416, ലാബ് ടെക്നീഷ്യൻ-232) സൃഷ്ടിക്കേണ്ടതുണ്ടെന്നും അറിയിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കി.

6. തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള മേൽ പറഞ്ഞ നിർദ്ദേശം അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*" ആരോഗ്യവകുപ്പിന് കീഴിലുള്ള ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ ഏറ്റവും മിനിമം വേണ്ടുന്ന തസ്തികകൾ ഉൾപ്പെടുത്തി, മന്ത്രിതല ശിപാർശയോടെ ഫയൽ സമർപ്പിക്കുവാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"*

7. തുടർന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു.ആരോഗ്യവകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചു .

" 15.01.2025-ലെ മന്ത്രിസഭാ യോഗം ആരോഗ്യ വകുപ്പിൽ നിന്നും സമർപ്പിച്ചിരുന്ന 1157 തസ്തികകൾ ഉൾപ്പെട്ട പ്രൊപ്പോസൽ പരിഗണിച്ച് ആദ്യഘട്ടമായി, വിവിധ വിഭാഗങ്ങളിലായി, 570 തസ്തികകൾ സൃഷ്ടിക്കുന്നതിനും ഇവയുടെ നിയമന നടപടികൾ പൂർത്തിയായ ശേഷം അടുത്ത ഘട്ടമായി അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് വിശദമായി പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനും അനുമതി നൽകുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടർ ആർദ്രം മാനദണ്ഡ പ്രകാരം ഗ്യാപ് അനാലിസിസ് നടത്തി ഏറ്റവും അനിവാര്യമായ 1026 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് നിലവിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ആദ്യ പ്രൊപ്പോസലിൽ നിന്നും അനുവദിച്ച 570 തസ്തികകൾ കഴിച്ച് ബാക്കി വരുന്ന തസ്തികകൾ രണ്ടാം ഘട്ടമായി അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രി കണ്ട് അനുമതി നൽകിയാലും."

8. തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെ പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

" ആരോഗ്യ വകുപ്പിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചുവടെ ചേർക്കുന്ന 152 (നൂറ്റി അമ്പത്തിരണ്ട്) തസ്തികകൾ ക്യാബിനറ്റിന്റെ അംഗീകാരത്തിന് വിധേയമായി സൃഷ്ടിക്കുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു.

| SL No | Name of Posts | Scale of Pay | Basic Pay | DA 25% | Total | No. of Posts to be Created |
|---|---|---|---|---|---|---|
| 1 | Medical Officer | 63700-123700 | 71800* | 17950 | 89750 | 12 |
| 2 | Nursing Officer | 39300-83000 | 39300 | 9825 | 49125 | 47 |
| 3 | Pharmacist Gr.II | 35600-75400 | 35600 | 8900 | 44500 | 60 |
| 4 | Lab Technician Gr.II | 35600-75400 | 35600 | 8900 | 44500 | 33 |
| **Total** | | | | | | **152** |

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"

9. ഇത്തരത്തിൽ 152 തസ്തികകൾ സൃഷ്ടിക്കുമ്പോൾ പ്രതിവർഷം ഏകദേശം 9,78,16,875 രൂപയുടെ അധിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നു.

10. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

1. ആരോഗ്യ വകുപ്പിന് കീഴിലുള്ള കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചതും വിവിധ വിഭാഗങ്ങളിൽ ഉൾപ്പെട്ടതുമായ മേൽ ഖണ്ഡിക 8 ൽ പരാമർശിച്ചിരിക്കുന്ന 152 തസ്തികകൾ സൃഷ്ടിക്കാമോ ?
2. മേൽ പറഞ്ഞവയിൽ ഏതൊക്കെ ആരോഗ്യസ്ഥാപനങ്ങളിൽ അനിവാര്യമായ തസ്തികകൾ എത്രയെണ്ണം അനുവദിക്കാമെന്നത് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് നിശ്ചയിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?